**ഭരണഭാഷ-മാതൃഭാഷ**

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

**സി.ജി.എ.സി/77361/2017/ഡി.എച്ച്.എസ്.ഇ** **തീയതി : 23/06/2017**

# സർക്കുലർ

**വിഷയം:** ഹയർ സെക്കണ്ടറി ഡയറക്ട്രേറ്റ് - സ്കൂളുകളിൽ സൗഹൃദ ക്ളബ്ബ് കോ-ഓർഡിനേറ്റർമാരെ നിയോഗിക്കുന്നത് സംബന്ധിച്ച്.

2017-2018 അദ്ധ്യയന വർഷത്തിൽ സ്കൂളുകളിൽ അദ്ധ്യാപകരെ സൗഹൃദ ക്ളബ്ബ് കോ-ഓർഡിനേറ്റർമാരായി നിയോഗിക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ അറിവിലേക്കായി ചുവടെ കൊടുക്കുന്നു.

1) സൗഹൃദ ക്ളബ്ബ് കോ-ഓർഡിനേറ്ററുടെ പ്രവർത്തന കാലാവധി കുറഞ്ഞത് മൂന്ന് വർഷത്തെക്കാണ് നിശ്ചയിച്ചിട്ടുളളത്.

2) സൗഹൃദ ക്ളബ്ബ് കോ-ഓർഡിനേറ്റർമാർക്ക് ഹയർ സെക്കണ്ടറി ഡയറക്ട്രേറ്റിൽ നിന്നും സംസ്ഥാനത്തിനകത്തും പുറത്തുമായി പ്രമുഖസ്ഥാപനങ്ങളിൽ നിന്ന് വിവിധ വിഷയത്തിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നുണ്ട്. ആയതിനാൽ കോർഡിനേറ്റർമാർ നിർബന്ധമായും കുറഞ്ഞത് മൂന്ന് വർഷം സൗഹൃദ ക്ളബ്ബ് കോർഡിനേറ്റർ എന്ന നിലയിൽ സ്തുത്യർഹ സേവനം നടത്തേണ്ടതാണ്.

3) സൗഹൃദ കോ-ഓർഡിനേറ്റർമാരെ മൂന്ന് വർഷം പൂർത്തീകരിക്കാതെ തൽസ്ഥാന ത്തുനിന്നും നിക്കം ചെയ്താൽ മേൽപ്പറഞ്ഞ കോ-ഓർഡിനേറ്റർമാർക്ക് പരിശീല നത്തിനു വേണ്ടി ഗവൺമെന്റ് വിനിയോഗിച്ച പണം പ്രിൻസിപ്പാളിൽ നിന്നും വസൂലാക്കുന്നതാണ്.

4) കോ-ഓർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകർ നിർബന്ധമായും ഡയറക്ട്രേറ്റിൽ നിന്നും സംഘടിപ്പിക്കുന്ന അല്ലെങ്കിൽ നിർദ്ദേശിക്കുന്ന പരിശീ ലന പരിപാടികളിൽ പങ്കെടുക്കേണ്ടതാണ്.

5) സൗഹൃദ ക്ളബ്ബിന്റെ കോ-ഓർഡിനേറ്റർമാരെ പുതുതായി നിയമിക്കുമ്പോൾ വനിതാ അദ്ധ്യാപകരെ നിയമിക്കേണ്ടതാണ്.

6) 3 വർഷം കോ-ഓർഡിനേറ്ററായി സേവനം ചെയ്തവരും തുടർന്നും പ്രവർത്തി ക്കുവാൻ താൽപര്യം ഉള്ള അദ്ധ്യാപകരെ തൽസ്ഥാനത്ത് തന്നെ തുടരുവാൻ അനുവദിക്കാവുന്നതാണ്.

7) സ്കൂളിൽ പുതുതായി സൗഹൃദ കോ-ഓർഡിനേറ്ററെ നിയോഗിക്കുമ്പോൾ സൗഹൃദ ക്ളബ്ബിന്റെ പ്രവർത്തനങ്ങളിൽ താൽപര്യമുളളവരും വിദ്യാർത്ഥികളു മായി ബന്ധപ്പെട്ട വിഷയങ്ങളിൽ നിരന്തരം ഇടപെട്ട് പരിചയസമ്പന്നതയും, വിദ്യാർത്ഥികേന്ദ്രീകൃത നൂതന പ്രവർത്തനങ്ങൾ വികസിപ്പിക്കുവാൻ താൽപ്പര്യ മുളളവരുമായ അദ്ധ്യാപകരെ വേണം ഉൾപ്പെടുത്താൻ.

8) **സൗഹൃദ കോ-ഓർഡിനേറ്റർ പദവിയിലുള്ള ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് SPC, NSS, ASAP, Scout, Guides തുടങ്ങിയവയുടെ അധിക ചുമതല നൽകാൻ പാടില്ല.**

9) **സൗഹൃദ ക്ലബിന്റെ പരിശീലനം ലഭിച്ച ഒന്നിൽ കൂടുതൽ അദ്ധ്യാപകർ ട്രാൻസ്ഫർ മുഖേന ഒരു സ്കൂളിൽ എത്തിച്ചേർന്നാൽ, സൗഹൃദ ക്ലബിന്റെ പരിശീലനം ആദ്യം ലഭിച്ചവർക്ക് സൗഹൃദ കോ-ഓർഡിനേറ്ററുടെ ചുമതല നൽകേണ്ടതാണ്.**

10) ഓരോ സ്കൂളിലെയും 2017-2018 അദ്ധ്യായന വർഷത്തിലെ സൗഹൃദ കോ-ഓർഡിനേറ്ററുടെ വിവരങ്ങൾ ഇതോടൊപ്പം ചേർത്തിട്ടുള്ള ഫോറത്തിൽ പൂരിപ്പിച്ച് പ്രിൻസിപ്പാളിന്റെ മേലൊപ്പോടു കൂടി ജൂൺ 30-ാം തിയതിക്കകം താഴെപ്പറയുന്ന മേൽ വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

**സ്റ്റേറ്റ് കോ-ഓർഡിനേറ്റർ**
**സി.ജി & എ.സി,**
**ഹയർ സെക്കന്ററി ഡയറക്ടറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്**
**ശാന്തി നഗർ, തിരുവനന്തപുരം**

11) 2017-2018 അദ്ധ്യായന വർഷത്തിൽ സൗഹൃദ കോ-ഓർഡിനേറ്റർക്ക് ട്രാൻസ്ഫർ മുഖേന മാറ്റം ഉണ്ടാകേണ്ട അവസരം വരികയാണെങ്കിൽ പുതിയ സൗഹൃദ കോ-ഓർഡിനേറ്ററുടെ വിവരങ്ങൾ ഫോറത്തിൽ പൂരിപ്പിച്ച് പ്രിൻസിപ്പാളിന്റെ മേലൊപ്പോടു കൂടി ഡയറക്ടറേറ്റിൽ സമർപ്പിച്ച് ഡയറക്ടറുടെ അനുമതിയോടുകൂടി വേണം പുതിയ കോ-ഓർഡിനേറ്റർ പ്രവർത്തനം നടത്തേണ്ടത്.

*ഒപ്പ്*
*ഡയറക്ടർ (i/c)*

# DIRECTORATE OF HIGHER SECONDARY EDUCATION
## CAREER GUIDANCE AND ADOLESCENT COUNSELING CELL
## DETAILS OF SOUHRIDA CO-ORDINATOR

| | | |
|---|---|---|
| 1 | Name of School | |
| 2 | School Code | |
| 3 | Phone No of the School | |
| 4. | E-mail of the School | |
| 5 | Type of School Govt./Aided/Unaided | |
| 6 | District | |
| 7 | Name of Taluk | |
| 8 | Educational District | |
| 9 | Legislative Assembly Constituency | |
| 10 | Parliamentary Constituency | |
| 11 | Type of LSG Corporation/Municipality/ Panchayath/Township | |
| 12 | Name of LSG | |
| 16 | Year of starting of Souhrida Club in school | |
| **Details of Souhrida Co-ordinator** | | |
| 17 | Name of Souhrida Co-ordinator (In Block Letters) | |
| 18 | Designation with Subject | |
| 19 | Mobile No | |
| 20 | E-mail | |
| 21 | Gender | |
| 22 | Date of Birth | |
| 23 | Date of entry in Higher Secondary Education Department | |

| | | |
|---|---|---|
| 24 | Year of taking charge of Souhrida Club | |
| 25 | Qualification | |
| 26 | Whether attended four days residential Introductory Training Programme. If so, give the date and venue of the programme attended | |
| 27 | Whether attended four days Residential Programme organized at Child Development Centre, Medical College, Thiruvananthapuram | |
| 28 | Whether attended four days training programme at NIMHANS, Bangalore | |
| 29 | Whether attended five days training programme on Life skills. If so, give the date and venue of the programme attended | |

**Place**

**Date** **Signature of Souhrida Co-ordinator**

**Counter signature of the Principal**

**Seal**